**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2341** **09-02-2023 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ ശമ്പള പരിഷ്കരണം പൊതുമേഖലാ ശമ്പള പരിഷ്കരണ ഘടനയിലാണോ അതോ 11-ാം ശമ്പള പരിഷ്കരണ ഘടനയിലാണോ നടപ്പാക്കുക എന്നറിയിക്കാമോ; എന്നത്തേയ്ക്ക് ശമ്പള പരിഷ്കരണം നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട എക്സ്പേർട്ട് കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരം ധനകാര്യവകുപ്പിൽനിന്നും പുറപ്പെടുവിച്ച 29/10/2022-ലെ സ.ഉ(പി) നം.131/2022/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷനിൽ ആകെ എത്ര ജീവനക്കാരാണുള്ളതെന്നും അതിൽ വനിതാ ജീവനക്കാരുടെ എണ്ണം എത്രയാണെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | കെ.എസ്.ബി.സിയിൽ 3316 ജീവനക്കാർ നിലവിലുണ്ട്. (06.02.2023 വരെ) ആയതിൽ വനിതാ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു<br><br>തിരുവനന്തപുരം - 352<br><br>കൊല്ലം - 177<br><br>പത്തനംതിട്ട - 89<br><br>ആലപ്പുഴ - 69<br><br>കോട്ടയം - 79<br><br>ഇടുക്കി - 33<br><br>എറണാകുളം - 123<br><br>തൃശ്ശൂർ - 123<br><br>പാലക്കാട് - 87<br><br>മലപ്പുറം - 66<br><br>കോഴിക്കോട് - 68<br><br>വയനാട് - 36 |

| | | | |
|---|---|---|---|
| | | | കണ്ണൂർ - 59<br><br>കാസർകോട് - 30 |
| (സി) | ബിവറേജസ് ഔട്ട്ലെറ്റുകളുടെ പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ രാത്രി 9 മണി വരെ ആയതിനാൽ വനിതാ ജീവനക്കാർക്ക് ഡ്യൂട്ടി കഴിഞ്ഞ് വീടുകളിലെത്തുന്നതിന് പലവിധത്തിലുള്ള പ്രയാസങ്ങളുണ്ടാക്കുന്ന വിവരം ശ്രദ്ധയിലുണ്ടോ; ഡ്യൂട്ടി കഴിഞ്ഞ് തിരികെ വീട്ടിലേക്ക് പോകുമ്പോൾ വനിതാ ജീവനക്കാർ അതിക്രമങ്ങൾക്കിരയായതിന് സംസ്ഥാനത്ത് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് രണ്ട് പരാതികളാണ് ലഭിച്ചിട്ടുള്ളത്. |
| (ഡി) | ബിവറേജസ് കോർപ്പറേഷനിലെ വനിതാ ജീവനക്കാരുടെ മാത്രം പ്രവൃത്തി സമയം രാത്രി 8 മണി വരെ നിജപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യം ആലോചിക്കുമോ; വനിതാ ജീവനക്കാരുടെ പ്രയാസങ്ങൾ പഠിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമായി സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ